ഉത്തരം

(എ)---(സി) നിലവിലുള്ള എമിഗ്രേഷൻ നിയമനങ്ങളിലെ അപാകതകൾമൂലം വിദേശത്തു തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾ പീഡനമനുഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ന്യൂനത പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ജസ്റ്റിസ് സുകുമാരൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുള്ള എമിഗ്രേഷൻ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ അംഗീകരിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഫലപ്രദമായി ഇടപെടുവാൻ സാധിക്കുകയുള്ളു.

ടെക്നോപാർക്ക് വികസിപ്പിക്കുവാൻ നടപടി

87 [3784] *ശ്രീ. കെ. ബാബു:*
,, *ബി. വിജയകുമാർ:*
,, *എൻ. ഡി. അപ്പച്ചൻ:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് വികസിപ്പിക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി സ്ഥലമെടുപ്പ് നടത്തുവാനുദ്ദേശമുണ്ടോ;

(ബി) ടെക്നോപാർക്കിന്റെ ഉടമസ്ഥതയിൽ ആക്കുളത്ത് എത്ര സ്ഥലമാണുള്ളത്; പ്രസ്തുത സ്ഥലം എന്തിനുവേണ്ടി ഉപയോഗിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി 86 ഏക്കർ സ്ഥലം ആറ്റിപ്ര വില്ലേജിൽ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ടെക്നോപാർക്കിന്റെ ഉടമസ്ഥതയിൽ ഇപ്പോൾ 46 ഏക്കർ സ്ഥലം ആക്കുളത്ത് ഉണ്ട്. ടൂറിസം വകുപ്പുമായി ചേർന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അന്തർദേശീയ നിലവാരത്തിലുള്ള കൺവെൻഷൻ സെന്റർ നിർമ്മിക്കുവാനുള്ള പദ്ധതിയുണ്ട്.

GPM. 2/256/2012—17

LIBRARY ARCHIVES Kerala Legislative Assembly